പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5233 — 15/11/2019 -ൽ മറുപടിക്ക്

## ദേശീയ വിദ്യാഭ്യാസ കരട് നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ടി.ബൽറാം | ഡോ.കെ.ടി.ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ദേശീയ വിദ്യാഭ്യാസ കരട് നയത്തിലെ ശിപാർശകൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ശിപാർശകളിൽ ഏതെങ്കിലും ശിപാർശകളോട് സംസ്ഥാന സർക്കാർ എതിർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഉണ്ട്. ദേശീയ വിദ്യാഭ്യാസ നയം ഇന്ത്യയുടെ വിദ്യാഭ്യാസ പുരോഗതിയെ നിലവിൽ ബാധിക്കുന്ന വെല്ലുവിളികൾ നേരിടാൻ അപര്യാപ്തമാണെന്ന് അറിയിച്ചിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജ് സമ്പ്രദായം നിർത്തലാക്കുന്നത് മൂലം ഗ്രാമ-വിദൂര പ്രദേശങ്ങളിലെ സാധാരണക്കാർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കപ്പെടുമെന്നറിയിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം ഫെഡറൽ തത്ത്വങ്ങളുടെ ലംഘനമാണെന്നും, ഉന്നത വിദ്യാഭ്യാസരംഗത്ത് കേന്ദ്ര സർക്കാരിന്റെ അധികാരം ഊട്ടിയുറപ്പിക്കുന്നതാണെന്നും, ഇത് തുല്യത, സാമൂഹ്യ നീതി എന്നിവ ഇല്ലാതാക്കുമെന്നും, അക്കാദമിക രംഗത്ത് കർക്കശ നിയന്ത്രണങ്ങൾക്ക് ഇടയാക്കുമെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ സ്ഥാപനങ്ങൾക്കും, സ്വകാര്യ സ്ഥാപനങ്ങൾക്കും ഒരേ തരം നിയന്ത്രണ സംവിധാനം കൊണ്ടു വരുന്നതിൽ എതിർപ്പറിയിച്ചിട്ടുണ്ട്. സമൂഹത്തിലെ ദുർബല ജന വിഭാഗങ്ങൾക്ക് പ്രസ്തുത നയത്തിൽ പ്രത്യേക പരിഗണന നൽകാത്തത് സംബന്ധിച്ചും, ലിബറൽ ആർട്സ് സമീപനവും നാലു വർഷത്തെ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും, നാഷണൽ റിസർച്ച് ഫൗണ്ടേഷന്റെ ഘടന സംബന്ധിച്ചും, സ്വയംഭരണ പദവിയുള്ള സ്ഥാപനങ്ങൾ അനിയന്ത്രിതമായി അനുവദിച്ച് നൽകുന്നത് സംബന്ധിച്ചും, സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നത് സംസ്ഥാനങ്ങളു |

| | | | |
|---|---|---|---|
| | | | മായി കൂടിയാലോചിച്ചിട്ടാകണമെന്ന് പ്രത്യേകം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | ബിരുദ തലത്തിലും ബിരുദാനന്തര ബിരുദ തലത്തിലും ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകി നിലവിലുള്ള എം.ഫിൽ കോഴ്സ് നിർത്തലാക്കുവാനുള്ള ദേശീയ വിദ്യാഭ്യാസ കരട് ശുപാർശ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കും; | (സി) | നിലവിൽ പരിശോധിച്ചിട്ടില്ല. |
| (ഡി) | ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം 12-ാം ക്ലാസ്സിലെ മാർക്കിന് പകരം പൂർണ്ണമായും ദേശീയ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ ആക്കണമെന്ന നിർദ്ദേശം സ്വാഗതാർഹമാണോ; | (ഡി) & (ഇ) | കരട് വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്നത് രാജ്യത്തെ വിവിധ സർവ്വകലാശാലകൾ നടത്തി വരുന്ന പ്രവേശന പരീക്ഷകൾക്ക് പകരം പൊതു പ്രവേശന പരീക്ഷാ രീതിയാണ്. പ്രസ്തുത സമ്പ്രദായം വിദ്യാർത്ഥികളുടെ യുക്തിയും, സംവേദന മികവും, നൈപുണ്യവും മാറ്റുരയ്ക്കുന്ന പരീക്ഷകളെ അവഗണിച്ച് അപകടകരമായ കോച്ചിംഗ് സംസ്കാരവും, വികലമായ വിജ്ഞാനവും ജനിപ്പിക്കുന്നതിന് കാരണമാകാം. രാജ്യത്തെ 900 ൽപ്പരം സർവ്വകലാശാലകളിലും, ഏകദേശം 40,000 ത്തോളം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഒരു പൊതു പ്രവേശന പരീക്ഷ നടത്തി ബിരുദ പ്രവേശനം നടത്തുക എന്നത് അത്യധികം ദുഷ്കരവും അപ്രായോഗികവുമാണ്. കരട് വിദ്യാഭ്യാസ നയം മുന്നോട്ട് വയ്ക്കുന്നത് നാഷണൽ ടെസ്റ്റിംഗ് ഏജൻസി (NTA) ബിരുദ തലത്തിലെ പ്രവേശനത്തിനായി ഒരു പരീക്ഷ നടത്തണമെന്നതാണ്. വിവിധ സർവ്വകലാശാലകൾ വിവിധങ്ങളായ പ്രവേശന രീതി അവലംബിക്കുന്നത് വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും ബാധ്യതയും ബുദ്ധിമുട്ടും ഉണ്ടാക്കും. അതിനാൽ ഇത്തരമൊരു പൊതു പരീക്ഷയുള്ള ഒരു പ്രയോജനമായി കാണുന്നത് വൈവിധ്യമുള്ള വിഷയങ്ങൾ പ്രതിപാദിക്കുന്ന കോഴ്സുകളിൽ പ്രവേശനം നേടാനും പഠിക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമെന്നതാണ്. അങ്ങനെ IIT, IIM, IISER, IISC തുടങ്ങി പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുറമെ മറ്റ് പ്രധാനപ്പെട്ട സ്ഥാപനങ്ങളിലെ വിവിധ കോഴ്സുകൾ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുമെന്നാണ് നയം മുന്നോട്ട് വയ്ക്കുന്നത്.<br><br>നാഷണൽ ടെസ്റ്റിംഗ് ഏജൻസി മുഖേന പൊതു പ്രവേശന സമ്പ്രദായം ബിരുദതലത്തിൽ ഏർപ്പെടുത്തിയാൽ അത് ഏറ്റവുമധികം തിരിച്ചടിയാകുന്നത് സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായിരിക്കും. എഞ്ചിനീയറിംഗ്/മെഡിസിൻ പ്രവേശനത്തിന് തയ്യാറെടുക്കുന്ന സയൻസ് സ്ട്രീമിലെ വിദ്യാർത്ഥികൾ +2 |
| (ഇ) | ഈ നടപടി വിദ്യാർത്ഥികൾ നിലവിൽ അനുഭവിക്കുന്ന സമ്മർദ്ദം കുറയ്ക്കുന്നതിന് സഹായകമാകും എന്ന് വിലയിരുത്തുന്നുണ്ടോ? | | |

പരീക്ഷ പാഠ്യപദ്ധതി പഠിക്കുന്നതോടൊപ്പം ഇതര കോച്ചിംഗ് സമ്പ്രദായത്തിൽ മുന്നോട്ട് പോകുമ്പോൾ പാവപ്പെട്ട പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ പിന്തള്ളപ്പെടാൻ സാധ്യതയുണ്ട്. ഇത്തരം പൊതു പ്രവേശന പരീക്ഷാ സമ്പ്രദായം നിലവിലുള്ള വിദ്യാഭ്യാസ സംസ്കാരത്തെയും വ്യവസ്ഥയെയും തകിടം മറിക്കാനും, നിലവാരമില്ലാത്ത കോച്ചിംഗ് സെന്ററുകൾ പെരുകുന്നതിനും ഇടയാക്കും.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## കരട് ദേശീയ വിദ്യാഭ്യാസ നയം, 2019

കരട് ദേശീയ വിദ്യാഭ്യാസ നയം, 2019 ഉത്ക്കർഷേച്ഛ നിറഞ്ഞ നയമാണെങ്കിലും, അത് നടപ്പിലാക്കുന്നത് വിശദമായ ചർച്ചകൾക്കും, കൂടിയാലോചനകൾക്കും ശേഷം സംസ്ഥാന സർക്കാരുകളുടെയും, സർവ്വകലാശാലകളുടെയും, അദ്ധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും അഭിപ്രായം പരിഗണിച്ചാകണമെന്ന് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത നയം സംബന്ധിച്ച് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ച മറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രസ്തുത നയത്തിലെ ശിപാർശകളിന്മേൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ച നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നൽകുന്ന ഫണ്ട് വിഹിതം വർദ്ധിപ്പിക്കേണ്ടതാണ്.
2. സംസ്ഥാനത്ത് മൾട്ടി ഡിസിപ്ലിനറി രീതിയിലുള്ള കൂടുതൽ സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകേണ്ടതാണ്.
3. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനായുള്ള സ്ഥാപനങ്ങൾ സംസ്ഥാനത്തെ സ്റ്റേറ്റ് അസ്സസ്സ്മെന്റ് & അക്രഡിറ്റേഷൻ സെന്റർ (SAAC) ശക്തിപ്പെടുത്തേണ്ടതാണ്.
4. നാഷണൽ റിസർച്ച് ഫൗണ്ടേഷനിൽ എല്ലാ ഡിസിപ്ലിനുകളിലും, പ്രദേശങ്ങളിലുമുള്ള വിദഗ്ധർക്ക് പ്രാതിനിധ്യം നൽകേണ്ടതാണ്.
5. കോളേജ് ക്ലസ്റ്റർ സ്കീമുകൾക്കായുള്ള കേന്ദ്ര ധനസഹായം വർദ്ധിപ്പിച്ച് നൽകേണ്ടതാണ്.
6. സമൂഹത്തിലെ ദുർബല ജന വിഭാഗങ്ങൾക്ക് ഉന്നത വിദ്യാഭ്യാസം പ്രാപ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
7. രാജ്യത്തെ വിവിധ ഭാഷകൾക്ക് വിദ്യാഭ്യാസത്തിൽ പ്രാമുഖ്യം നൽകേണ്ടതും, ഭാഷാപഠനത്തിനായുള്ള സ്ഥാപനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. സംവരണം സംബന്ധിച്ച നയങ്ങൾക്ക് പ്രാധാന്യം കൊടുക്കേണ്ടതാണ്.
9. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണം നൽകുന്നതിൽ സുതാര്യത ഉറപ്പു വരുത്തേണ്ടതാണ്.
10. യു.ജി.സി.യുടെ പ്ലാൻ ഓഫ് ആക്ഷൻ (POA) വിജയകരമായി നടപ്പിലാക്കിയ സംസ്ഥാനങ്ങൾക്ക് പ്രത്യേക ഇൻസെന്റീവ് നൽകേണ്ടതാണ്.
11. പുതിയ പഠന മേഖലകൾക്ക് പ്രാമുഖ്യം നൽകേണ്ടതാണ്.
12. അദ്ധ്യാപകരുടെ ദൗർലഭ്യം പരിഹരിക്കേണ്ടതുണ്ട്. കൂടാതെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്ലാൻ രൂപീകരിക്കേണ്ടതാണ്.
13. നിയന്ത്രണമില്ലാതെ മുളച്ചു പൊന്തുന്ന സ്വാശ്രയ കോളേജുകൾക്ക് നിയന്ത്രണ സംവിധാനം കൊണ്ടു വരേണ്ടതാണ്.
14. ഉന്നത വിദ്യാഭ്യാസ മേഖലയുടെ വാണിജ്യവൽക്കരണം തടയുന്നതിനായി സ്വകാര്യ സർവ്വകലാശാലകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാരുകൾക്ക് മതിയായ അധികാരം നൽകേണ്ടതാണ്.
15. വിരമിച്ച അദ്ധ്യാപകരുടെ കീഴിൽ ഗവേഷണം തുടരാനാഗ്രഹിക്കുന്ന ഗവേഷകരുടെ കാര്യത്തിൽ പുറപ്പെടുവിച്ച യു.ജി.സി. റെഗുലേഷൻസ് ഭേദഗതി ചെയ്യേണ്ടതാണ്.

സെക്ഷൻ ഓഫീസർ